


# അക്കാദമിക മാസ്റ്റർ പ്ലാൻ

GFUPS PALAPPETTY 2025-2026

**ആമുഖം** :

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് മൂർത്ത രൂപം നൽകേണ്ടതുണ്ട്. അതിനായി സർഗ്ഗാത്മകവും സമയ ബന്ധിത വുമായി പൂർത്തീകരിക്കുന്ന പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകണം. അതിന്റെ ഭാഗമായി പൂർണ്ണ മായും പ്രക്രിയാ ബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമായ പഠന രീതി പിന്തുടരുവാൻ നിലവിലുള്ള ക്ലാസ്സ് ക്രമീകരിക്കണം. സ്വന്തം വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിലൂടെ, മികവാർന്ന ശേഷികളും, ധാരണകളും ഉള്ള ഒരു പുതു തലമുറയെ കൂടിയാണ് നാം വാർത്തെടുക്കുന്നത്. **അക്കാദമിക് മികവാണ് വിദ്യാലയ മികവ്** എന്ന ആപ്തവാക്യം മുൻ നിർത്തി ചിട്ടയായ പ്രവർത്തനങ്ങൾ നമുക്ക് ആസൂത്രണം ചെയ്യാം.

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണി കളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്ര മായി പൊതു വിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് പൊതു വിദ്യാഭ്യാസ സംരക്ഷ ണ യജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിന് പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, പാഠ പുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠന പ്രവർത്തനത്തെ വികസിപ്പിക്കുക, നിരന്തര മൂല്യനിർണ്ണയത്തി ന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങി ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുള്ള പ്രവർത്തന പദ്ധതികളാണ് രൂപംകൊള്ളേണ്ടത്.

- എല്ലാവർക്കും എഴുത്തും വായനയും
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- ക്ലാസ്സ് ലൈബ്രറി, സ്ക്കൂൾ ലൈബ്രറി
- വായന സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക.
- വായനയും, എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും, എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.

  ICT സാധ്യത

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
## (അക്കാദമികം, ഭൗതികം, സാമൂഹികം)

**അക്കാദമികം** : ഭാഷാശേഷി വികസനം, ഗണിതശേഷീ വികസം ഇംഗ്ലീഷ് പഠന പരിപോഷണം, ശാസ്ത്ര പോഷണം, വായനാ പരിപോഷണം, കലാകായികമേള, ഐ.ടി സാധ്യതകൾ, ക്ലാസ്സ് പി.ടി.എ സജീവ മാക്കൽ, പ്രവൃത്തി പരിചയ പഠനം, പച്ചക്കറിത്തോട്ടം, എസ്. ആർ, ജി ശാക്തീകരണം, ഗണിതലാബ്, ഭാഷാലാബ്, ടേം മൂല്യനിർണ്ണയം തുടങ്ങി പ്രവർത്തന പദ്ധതികൾ അക്കാദമിക മികവിനായി സ്ക്കൂളിൽ പ്രാവർത്തികമാക്കാവുന്നതാണ്.

**ഭൗതികം** : സ്ക്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, കളി സ്ഥലം, ക്ലാസ്സ് മുറികൾ, ലൈബ്രറി, കമ്പ്യൂട്ടർ റൂം, അസംബ്ലി ഹാൾ, ഡൈനിംഗ് ഹാൾ, കുടിവെള്ള വിതരണം, മാലിന്യ സംസ്ക്കരണം, എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം, ഭാഷോത്സവം, ഗണിതോത്സവം തുടങ്ങി പദ്ധതി കൾ ഭൗതിക മികവിനായി സ്ക്കൂളിൽ ഏറ്റെടുക്കാവുന്നതാണ്.

**സാമൂഹികം** : പി.ടി.എ ശക്തിപ്പെടുത്തൽ SMC കാര്യക്ഷമമാക്കൽ, വിദ്യാലയ വികസന സമിതി, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ, ക്ലാസ്സ് പി.ടി.എ മാതൃകാപരമായി നടത്തൽ, വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ, വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ തുടങ്ങി പദ്ധതികൾ സാമൂഹിക മികവിനായി സ്ക്കൂളിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ഭവന സന്ദർശനം സാമൂഹിക മികവിന്റെ ഭാഗമായി ഏറ്റെടുക്കാവുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്.

വിദ്യാലയ മികവിനായി പട്ടികപ്പെടുത്തിയ സ്വപ്ന പദ്ധതികളുടെ വിശദാംശങ്ങൾ പ്രത്യേക ഫോർമാറ്റിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളേയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ രണ്ടാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും, പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് (കുട്ടികൾക്ക്) പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയിരിക്കുന്നത്. ശിശുസൗഹാർദവും രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതുമായ പ്രവർത്തനങ്ങൾക്കാണ് ഈ വർഷം തുടക്കം കുറിച്ചിരിക്കുന്നത്.

# മലയാളം

# അക്കാദമിക പ്ലാൻ

മലയാള ഭാഷാ പഠനം രസകരവും മധുരവുമാക്കി തീർക്കാനുതകുന്ന പ്രവർത്തനങ്ങൾക്കാണ് ഈ വർഷം പ്രാധാന്യം നൽകിയിരിക്കുന്നത്. എല്ലാ പ്രവർത്തനങ്ങളുടെയും ആത്യന്തികലക്ഷ്യം എഴുത്തും വായനയും ഉറപ്പിലാണെന്ന് നമുക്ക് തിരിച്ചറിയാം......

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക. | കളികളിലൂടെ ചിത്രവായന.<br>വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>വസ്തുക്കളുടെ മാതൃക കാണിച്ച് അവ ഏതെന്ന് എഴുതിയ കാർഡുകൾ തിരിഞ്ഞ് കണ്ടെത്തുന്നു.<br>നിറങ്ങൾ നൽകാൻ അവസരം ഒരുക്കൽ.<br>വായന സാമഗ്രികൾ തയ്യാറാക്കൽ .<br>അക്ഷരപാട്ടുകൾ നൽകി.<br>ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ. | ജൂൺ | ചിത്രങ്ങൾ<br>മാതൃകകൾ<br>ICT<br>അക്ഷര കാർഡുകൾ | |
| 2 | കുട്ടിയെ അക്ഷരജ്ഞാനം ഉള്ളവനാക്കുക | ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ വായനാമൂല ഒരുക്കൽ. | ജൂലൈ | ലൈബ്രറി പുസ്തകങ്ങൾ | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3 | കുട്ടിയിൽ പദങ്ങൾ അക്ഷരങ്ങൾ ഉറപ്പിക്കൽ | ചിത്രവായനാ കാർഡുകൾ തയ്യാറാക്കൽ<br>ചെറുകഥ (പാട്ട്) എന്നിവ നൽകി ആവർത്തിച്ചു വരുന്ന പദങ്ങൾ അക്ഷരങ്ങ ൾ ഉറപ്പിക്കൽ<br>അക്ഷരപ്പാട്ടുകളിലൂടെ ചെറു ചോദ്യങ്ങൾ ചോദിക്കുന്നു.<br>ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തി അവയ്ക്കു ചുറ്റുംവട്ടം വരയ്ക്കുന്നു.<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ പ്രദർശനം<br>ചിത്രങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, അതിനുവേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ ആവശ്യാനുസരണം നൽകുന്നു. | ആഗസ്റ്റ്<br><br>സെപ്റ്റംബർ | ചിത്രങ്ങൾ<br><br>വായനാ കാർഡുകൾ | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 4 | ചെറുവാക്യങ്ങൾ കൂട്ടിചേർത്ത് വായിക്കുന്നു | ചിത്ര വായന<br>ചിത്രവായനയിലൂടെ ചെറുവാക്യങ്ങൾ കണ്ടെത്തുന്നു വായിക്കുന്നു.<br>വായന മത്സരം സംഘടിപ്പിക്കൽ<br>ആസ്വാദകരമായ വായന നടത്തൽ<br>പ്രോത്സാഹന സമ്മാനം നൽകൽ<br>വരികൾ കൂട്ടിചേർക്കൽ<br>മാതൃകകൾ നൽകി വരികൾ കൂട്ടി ചേർക്കൽ<br>പത്രവായനക്ക് അവസരം ഒരുക്കൽ<br>ചെറു വിവരണങ്ങൾ കൂട്ടി സ്വന്തമായി തയ്യാറാക്കൽ ഉദാ: ആന വലിയ ആന കറുത്ത ആന<br>കാർ നിർമ്മാണം<br>മാഗസിൻ നിർമ്മാണം | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | ചിത്രം<br>ICT<br>പത്രം<br>മാഗസിൻ | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 5 | ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാല സാഹിത്യ കഥകൾ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക<br><br>എല്ലാകുട്ടികളും ലളിതമായ ബാല സാഹിത്യ കഥകൾ വായിച്ച് ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളുടെ അവതരണം എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്നു ഉറപ്പുവരുത്തുക | ചിത്രകഥ<br>ചെറുകഥകൾ കേൾക്കുന്നു<br>ചിത്രം നോക്കി പറയുന്നു<br>ചിത്രങ്ങൾ നോക്കി എഴുതാൻ ശ്രമിക്കുന്നു<br>കൂട്ടവായന കുട്ടികൾ കൂട്ടായി ചെറിയ വായനാ കാർഡുകൾ, ബാലസാഹിത്യങ്ങൾ ഉപയോഗിച്ച് പരസ്പരം സഹായിച്ച് ചിത്ര വായന<br>കുട്ടികളുടെ ഉത്പന്നങ്ങളുടെ പ്രകാശനം<br>നാട്ടുവായന -കുട്ടികൾ നിർമ്മിച്ച വായന തന്ത്രങ്ങൾ അവതരിപ്പിക്കുന്നവ നവമാധ്യ മങ്ങളിൽ പങ്കിടുന്നു.<br>അമ്മ വായന - അമ്മയും കുട്ടിയും വായന<br>വീട്ടുവായന- വീട്ടിലെ അംഗങ്ങൾ വായിച്ചു നൽകുന്നു | ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | | |

## മലയാളം

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | അക്ഷര സ്ഫുടതയോടെയും, ഒഴുക്കോടെയും ആശയവ്യക്തതയോടെയും വായിക്കാനും എഴുതാനും കഴിയുന്നു | ക്ലാസ്സിൽ ഒഴുക്കോടെ ഉച്ചത്തിൽ വായന<br>നിശബ്ദ വായന<br>വായന കാർഡ് നോക്കി നോട്ട് ബുക്കിൽ എഴുതുന്നു<br>ഉച്ചത്തിൽ വായിക്കുന്നു.<br>രക്ഷിതാവിനെ വായനകാർഡ് വായിച്ച് കേൾപ്പിക്കുന്നു | 1 മാസം | വായന കാർഡ് | |
| | കഥ, കവിത കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു | ICT ഉപയോഗിച്ച്<br>കഥ, കവിത കാണാൻ അവസരം<br>സ്വന്തം ഭാഷയിൽ കഥയുടെ ബാക്കി ഭാഗം എഴുതുന്നു<br>അധ്യാപികയുടെ ഇടപെടൽ<br>മെച്ചപ്പെടുത്തി എഴുതൽ | 1 മാസം | ICT | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | ചിത്രവായന<br>ചിത്രം നിരീക്ഷിച്ച്<br>ആശയം കണ്ടെത്തൽ<br><br>കവിത പൂർത്തിയാക്കാം<br>കവിത ആസ്വദിക്കുന്നതിനും<br>ആലപിക്കുന്നതിനുള്ള കഴിവ്<br><br>കുട്ടികളുടെ വായനശീലം വളർത്തുന്നതിന്<br>ക്ലാസ് റൂം ലൈബ്രറി<br><br>സർഗ്ഗാത്മക ശേഷികൾ വളർത്തുക. | കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം<br>ചിത്രം നിരീക്ഷിച്ച് വിവരണം എഴുതുന്നു<br><br>കവിതയ്ക്ക് ഈണം കണ്ടെത്തിപ്പാടുന്നു.<br>കൂടുതൽ ഈണങ്ങൾ കണ്ടെത്തുന്നു.<br><br>കുട്ടികളുടെ വായനാശീലം വളർത്തുന്നതിന് ക്ലാസ്സ് റൂം ലൈബ്രറി ഒരുക്കുന്നു<br><br>ലൈബ്രറിയനെ തിരഞ്ഞെടുത്ത് പുസ്തക വിതരണം നടത്തുന്നു.<br><br>വായന, വായനാനുഭവം പങ്കു വെക്കൽ<br><br>സ്വന്തമായി കവിത കഥ എന്നിവ എഴുതി അവതരിപ്പിക്കുന്നു. | 1 മാസം<br><br>1 മാസം<br><br>10 മാസം | ICT<br><br>ലൈബ്രറി ബുക്കുകൾ | |

**മലയാളം**

| SL No | പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന നിരീക്ഷണം | കാലയളവ് |
|---|---|---|---|---|
| | അക്ഷര സ്ഫുടതയോടെയും, ഒഴുക്കോടെയും ആശയ വ്യക്തതയോ ടെയും ഉള്ള വായന | വായിക്കാം, എഴുതാം | കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന<br>നിശബ്ദ വായന<br>വായന കാർഡ് നോക്കി നോട്ടുബുക്കിൽ എഴുതൽ<br>നിശബ്ദ വായന<br>വായനാ കാർഡ് നൽകുന്നു | 2 ആഴ്ച |
| | | വായിക്കാം എഴുതാം വായിക്കാം | കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>വായനാ കാർഡ് നോക്കി നോട്ടുബുക്കിൽ എഴുതൽ<br>കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു | 2 ആഴ്ച |
| | | ആശയം പറയാം | കുട്ടിക്ക് കഥാപുസ്തകം, വായന കാർഡ് നൽകുന്നു<br>നിശബ്ദ വായന<br>വായിച്ചറിഞ്ഞ ആശയം പറയൽ<br>ആവശ്യമെങ്കിൽ ആവർത്തന വായന<br>കൂട്ടുകാർക്ക് മുന്നിലുള്ള വായന | 1 മാസം |
| | കവിതാ കഥ എന്നിവ കേട്ടു സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരി പ്പിക്കുന്നു. | കഥ കാണാം എഴുതാം | കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം<br>കഥ സ്വയം എഴുതൽ<br>അധ്യാപികയുടെ ഇടപെടൽ<br>മെച്ചപ്പെടുത്തി എഴുതൽ | 2 ആഴ്ച |

| SL No | പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന നിരീക്ഷണം | കാലയളവ് |
|---|---|---|---|---|
| | ചിത്ര നിരീക്ഷിച്ച് ആശയങ്ങൾ കണ്ടെത്താം<br><br>കവിത ആസ്വാദിക്കുന്നതിനും ആലപിക്കുന്നതിനും ഉള്ള കഴിവ് നേട്ടങ്ങൾ<br><br>കുട്ടികളുടെ വായനാശീലം വളർത്തുന്നതിന്<br><br>സർഗ്ഗാത്മക ശേഷി വളർത്തുക | ചിത്രത്തിലെന്തെല്ലാം<br><br>എന്തെല്ലാം കാഴ്ചകൾ<br><br>കവിത പൂർത്തിയാക്കാൻ പാടി അവതരിപ്പിക്കാം<br><br>ക്ലാസ്സ് റൂം ലൈബ്രറി<br><br>സർഗ്ഗാത്മക രചന<br><br>ക്ലാസ്സ് റൂം ലൈബ്രറി | കുട്ടിക്ക് ചിത്ര നിരീക്ഷിക്കാൻ അവസരം നൽകുന്നു<br>കണ്ടചിത്രം നിരീക്ഷിച്ച് വിവരണം എഴുതുന്നു<br>കുട്ടിക്ക് രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് കുറിപ്പ് എഴുതാൻ അവസരം നൽകുന്നു<br>കവിത പൂർത്തിയാക്കാൻ അവസരം<br>കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു.<br>കൂടുതൽ വരികൾ കൂട്ടിചേർക്കുന്നു<br>ലൈബ്രറി ഒരുക്കുന്നു, ലൈബ്രറിയനെ തെരഞ്ഞെടുത്ത് പുസ്തക വിതരണം നടത്തുന്നു.<br>വായനാ, വായനാനുഭവം പങ്ക് വെയ്ക്കൽ<br>കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം<br>കുട്ടി എഴുതിയ കഥകൾ വായിച്ച് ആവശ്യമുള്ള കൂട്ടിചേർക്കൽ നടത്തുന്നു.<br>കുട്ടി കഥ മെച്ചപ്പെടുത്തി എഴുതി കൂട്ടുക്കാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു.<br>വായനാകുറിപ്പ് | 2 ആഴ്ച<br><br>2ആഴ്ച<br><br>10 മാസം<br><br>4 മാസം<br><br>6 മാസം |

# മലയാളം

**ആമുഖം** :

വായിച്ച് വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനം പ്രാവർത്തികമാക്കാൻ വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക അങ്ങനെ വിദ്യാലയത്തെ ഒരു സർഗ്ഗപ്രപഞ്ചമാക്കി മാറ്റുവാനുള്ള സംരംഭം

**ലക്ഷ്യങ്ങൾ** :

- എല്ലാവർക്കും എഴുത്തും വായനയും
- സ്കൂൾ ലൈബ്രറി നവീകരണം
- മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- അമ്മ വായന
- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത സജ്ജീകരിക്കൽ

| SL No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>3. വാക്കുകൾ നിർമ്മിക്കൽ<br>4. വാക്യങ്ങൾ നിർമ്മിക്കൽ<br>5. ചിത്രം- കഥ എഴുതൽ<br>6. കഥ ബാക്കി എഴുതൽ<br>7. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | 2 മാസം | പുസ്തകങ്ങൾ | |

| SL No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. പത്രവായന<br>4. അമ്മ വായന<br>5. പുസ്തക ചർച്ച<br>6 ദിനാചരണങ്ങൾ<br>7. ഇ- വായന | 6 മാസം | സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ഇന്റെർനെറ്റ് | |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ് പതിപ്പ്<br>4 വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>5. വ്യക്തിഗത രചന, സംഘ രചന<br>6. പതിപ്പ് തയ്യാറാക്കൽ<br>7. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ | 6 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ | |

**GFUPS PALAPETTY**
**ACADEMIC MASTER PLAN -ARABIC 2025-26**

| SL No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|---|
| | അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് ആർജ്ജിച്ചെടുക്കൽ | അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്തു രൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ പ്രീ ടെസ്റ്റിലൂടെ കണ്ടെത്തി പ്രത്യേക ഗ്രൂപ്പുകളാക്കി ഗ്രൂപ്പടിസ്ഥാനത്തിൽ പഠനമികവനുസരിച്ചു പരിശീലനത്തിലൂടെ ഉയർത്തികൊണ്ട് വരുക. | അധ്യയന വർഷാരംഭത്തിലെ ആദ്യത്തെ നാല് മാസക്കാലം | പുസ്തകങ്ങൾ<br>കാർഡുകൾ<br>വീഡിയോസ് | എസ് ആർ ജി<br>എസ് എം സി<br>പിടിഎ |
| | അറബിക് ഭാഷ ശേഷികൾ പദസമ്പത്ത് അധികരിപ്പിക്കൽ | ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കപ്പെടുന്ന വാക്കുകളുടെ അറബിപദങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം അവയുടെ സ്ഥിരമായ ഉപയോഗവും പുസ്തകങ്ങളിൽ നിന്നും മറ്റും പദസമ്പത്ത് അധികരിപ്പിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കൽ കുട്ടികൾക്ക് വായനാ കാർഡ് നൽകി അവ വീട്ടിൽ നിന്ന് രക്ഷിതാക്കളുടെ സാനിധ്യത്തിൽ വായിച്ച് വിഡിയോ ഗ്രൂപ്പിൽ ഇടുന്നു. | ജൂൺ മുതൽ മാർച്ച് വരെ | കഥ, കവിത<br>പുസ്തകങ്ങൾ<br>കാർഡുകൾ<br>വീഡിയോസ് | എസ് ആർ ജി<br>എസ് എം സി<br>പിടിഎ |
| | അറബിക് ഭാഷ ശേഷികൾ<br>നൈപുണികളുടെ വികാസം | അറബി ഭാഷയെ കൂടുതൽ കേൾക്കാനുമുള്ള അവസരങ്ങളെ കുട്ടികളിലേക്കെത്തിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | സംഭാഷണങ്ങൾ<br>ഓഡിയോസ്, കഥ, കവിത, പുസ്തകങ്ങൾ, കാർഡുകൾ, വീഡിയോസ് | എസ് ആർ ജി<br>എസ് എം സി<br>പിടിഎ |

# GFUPS PALAPETTY
# ACADEMIC MASTER PLAN -ARABIC 2025-26

| SL No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|---|
| | | ഇഷ്ടപ്പെട്ട ചിത്രം വരച്ച് വിവരണം തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | | | |
| | ഭാഷാ ആഭിമുഖ്യം, വായനാ താല്പര്യം, പൊതു വിജ്ഞാനം തുടങ്ങിയവ വർധിപ്പിക്കൽ | വായനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു, പൊതു വിജ്ഞാനം, അറബി ഭാഷ സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി അറബിയിലും മാതൃഭാഷയിലുമായിട്ടുള്ള ലളിതമായ ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | മാതൃക മത്സര സഹായികൾ, കഥ, കവിത, പുസ്തകങ്ങൾ വീഡിയോസ് | എസ് ആർ ജി എസ് എം സി പിടി എ |
| | അറബി ഭാഷ വിനിമയ ശേഷ വർധിപ്പിക്കൽ | അറബി കലോത്സവത്തിലെ അറബി ഭാഷയുമായി നേർക്ക് നേർ ബന്ധമുള്ള പദ നിർമ്മാണം, പദപ്പയറ്റ്, പഥകോളി, അറബി പ്രസംഗം തുടങ്ങിയ മത്സര പരിശീലനത്തിലൂടെയുള്ള പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | മാതൃക മത്സര സഹായികൾ, കഥ, കവിത, പുസ്തകങ്ങൾ, വീഡിയോസ് | എസ് ആർ ജി എസ് എം സി പിടി എ |
| | വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതോടൊപ്പം അവയുടെ അറബിക് പോസ്റ്റർ നിർമിതിയുടെ പ്രദർശനങ്ങൾ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പോസ്റ്ററുകൾ ഉണ്ടാക്കുകയും അവ വിദ്യാർത്ഥികൾക്കിടയിൽ എത്തിക്കുന്നതോടൊപ്പം സ്കൂളിൽ പ്രദർശിപ്പിക്കലും | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ക്ലബിന്റെ ആഭിമുഖ്യത്തിൽ ചാർട്ടുകളുടെയും പോസ്റ്ററുകളുടെയും നിർമ്മാണം. | എസ് ആർ ജി എസ് എം സി പിടി എ |

തിയ്യതി :

സ്ഥലം :

ഒപ്പ്

അധ്യാപകന്റെ പേര് :

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**URC –പൊന്നാനി , പഞ്ചായത്ത്– പെരുമ്പടപ്പ്**
**വിഭാഗം – യു.പി പദ്ധതിയുടെ പേര് – പ്യാരി ഉർദു**
**വിഷയം – ഉർദു, വർഷം –2025-26**

**1. അവസ്ഥാ വിശകലനം** :

കോവിഡ് മഹാമാരിയുടെ കാരണത്താൽ ഗുരു മുഖത്ത് നിന്ന് നേരിട്ടുള്ള അറിവ് ലഭിക്കാത്തതിനാൽ ഉർദുവിൽ അടിസ്ഥാന ശേഷി ആർജ്ജിക്കാത്തവരാണ് 30% കുട്ടികളും.

**2. ലക്ഷ്യങ്ങൾ** :

കരിക്കുലം ലക്ഷ്യമാക്കുന്ന ഉർദു ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും എത്തിക്കുക.

എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളെ ശാരീരികവും, മാനസികവും, വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാക്കുക.

**3. പ്രതീക്ഷിത നേട്ടങ്ങൾ** :

മുഴുവൻ കുട്ടികളിലും ലഘു വാക്യങ്ങൾ എഴുതാനും വായിക്കാനും സാധിക്കണം. ഉർദു പഠനം ഇഷ്ടപെടുകയും, ഉർദു ബോധന പ്രക്രിയ മികച്ചതാവുകയും ചെയ്യും. വിദ്യാലയത്തിന്റെ മികവ് വർദ്ധിപ്പിക്കും

| SL No | മേഖല | പ്രവർത്തനം | പ്രക്രിയാ ഘട്ടങ്ങൾ | കാലം | നിർവ്വഹണ ചുമതല | നേട്ടങ്ങൾ |
|---|---|---|---|---|---|---|
| 1 | എഴുത്ത് | അക്ഷരപദ കാർഡുകളുടെ സഹായത്താൽ അക്ഷരങ്ങളുടെ രൂപവും ഉച്ചാരണവും ഉറപ്പിക്കുന്നു.<br>പദകേളി കാർഡുകൾ യോജിപ്പിച്ചുള്ള കളികൾ<br>ചിത്രങ്ങളുടെ സഹായത്താൽ വാക്യങ്ങൾ നിർമ്മിച്ച് എഴുതുക. | ടൂൾ തയ്യാറാക്കൽ<br>പ്രീ ടെസ്റ്റ് നടത്തൽ<br>ആവശ്യമായ കോപ്പി എടുക്കൽ | 3 മാസം | ഉറുദു അധ്യാപകൻ | വിദ്യാലയത്തിന്റെ മികവ് വർദ്ധിക്കുന്നു. |
| 2 | വായന | ചിത്രങ്ങളുടെ സഹായത്താൽ എഴുതി വായിക്കുന്നു. ഉർദു ഭാഷ കേൾക്കാൻ അവസരം ലഭിക്കുന്നു. | | | | ഉറുദുവിൽ സംസാരിക്കാൻ സാധിക്കുന്നു |
| 3 | പ്യാരി ഉറുദു | ക്ലാസിൽ ഉർദു അന്തരീക്ഷം ICT സഹായത്താൽ ഉറുദു കേൾപ്പിക്കൽ<br>ഉറുദു മഹഫിൽ സംഘടിപ്പിക്കൽ | | | | |

| SL No | മേഖല | പ്രവർത്തനം | പ്രക്രിയാ ഘട്ടങ്ങൾ | കാലം | നിർവ്വഹണ ചുമതല | നേട്ടങ്ങൾ |
|---|---|---|---|---|---|---|
| 4 | ഡിജിറ്റൽ ഉറുദു | ആധുനിക സാങ്കേതിക വിദ്യയിലൂടെ ഉർദു രസകരവും, ഫലപ്രദവുമാക്കൽ<br>ഉർദു ഭാഷാ പഠന സഹായ ആപ്പുകൾ<br>വിജ്ഞാന പ്രദമായ ഉർദു സൈറ്റുകൾ<br>ഉർദു കീബോർഡ് എന്നിവ പരിചയപ്പെടൽ | മൊബൈൽ ടൂളുകൾ തയ്യാറാക്കൽ | ഒരു വർഷം | ഉറുദു അധ്യാപകർ | ആധുനിക സാങ്കേതിക വിദ്യയിലൂടെ ഉർദു ഭാഷ രസകരവും ലളിതവും വിജ്ഞാന പ്രദവുമാക്കാൻ കഴിയുന്നു. |
| 5 | ദിനാചരണങ്ങൾ | പോസ്റ്റർ നിർമ്മാണം<br>പ്ലക്കാർഡ് പതിപ്പ്, ചുമർചിത്രം<br>ക്ലബ്ബ് പ്രവർത്തനം<br>ഉർദു അസംബ്ലി പ്രസംഗം മത്സരങ്ങൾ | | | | രക്ഷിതാക്കൾക്ക് കൂടി മനസ്സിലാക്കാൻ സാധിക്കുന്നു.<br>ഉർദു ടൈപ്പിംഗ് കഴിയുന്നു<br>വിദ്യാലയ പ്രവർത്തനങ്ങളിൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷാ സാധ്യത പ്രയോജനപ്പെടുന്നു. |

| SL No | AIM | ACTIVITIES | DURATION | | |
|---|---|---|---|---|---|
| 1 | Simple words- Simple sentence add more lines,<br>description make sure these are in the children's | Simple words introducing provides picture card gives a familiar magic picture card (Apple, Art, Umbralla)<br>Says the familior words<br>writing familiar words<br>Reading familiar words | June<br>July | Picture card | |
| 2 | Responds to simple instruction in the classroom | Enjoys Songs and rings them with rythm and action.<br>describes orally about picture and objects using adjec-tives ( Colour, Spape, Small, big etc)<br>Reads and writes Simple words and siple sentence | August<br>September | Picture card<br>ICT | |

| SL No | AIM | ACTIVITIES | DURATION | | |
|---|---|---|---|---|---|
| 3 | Describe orally about picture and objects using adjectives (Colour, Size, Words, Shape) | Provides picture card an reading cards<br>Introduce a simple picture description<br>word chain, sentence chain make words<br>Sentence make riddles.<br>describing words rhyming words text book activities<br>my growing book is being prepared | October | Riddle card<br>ICT | |
| | | | November | | |
| 4 | Familiaries with words identifies | preparing the reading cards<br>Writes 5 English words daily<br>The classroom provides more oppurtunities to read, write and speak english | | Reading card | |

| SL No | AIM | ACTIVITIES | DURATION | | |
|---|---|---|---|---|---|
| 5 | Familiares the names of birds animals their young ones and identities them pictures | My picture dictionary is being prepared<br>My growing book is being prepared<br>Encorages digital reading in the classroom every day<br>Animal and Young ones collect picture.<br>Spoken English class is provided.<br>provides the oppurtunity to express my self in the classroom in the assembly and in the CPTA<br>A period of daily spoken English class provides on oppurtunity.<br>English speaks Fluently<br>Can read and write simple sentence<br>Picture reading, Picture describing can tell you how to read and write | December<br>January<br>February<br>March | ICT<br>Picture<br>Story Book | |

# ACADEMIC MASTER PLAN ENGLISH 2025-26

We, the teachers have the responsibility to make the English language more easier and comfort to all students. We have to plan activities, which is suitable to all level students.

| ACADEMIC MASTER PLAN ENGLISH 2025-26 | | | | | |
|---|---|---|---|---|---|
| SL No | LEARNING OUTCOMES | ACTIVITY DETAILS | DURATION | LEARNING AIDS | HELPS |
| 1 | To Describe the Picture. | 1. Picture description -Teacher shows a picture and ask the students to talk about the picture. | June to August | Books | |
| 2 | Identify the letters and small words | 1. Word card, Letter cards we can use these cards to learn words and letters | July to August | Reading | |
| 3 | Read and UnderStand given stories and poems | 1. Let's read- Provide the oppurtunity to read simple stories and poems. | July to March | Cards | |
| | | 2. Give them chance to read the stories with the help of pictures | | Literary | |

| ACADEMIC MASTER PLAN ENGLISH 2025-26 | | | | | |
|---|---|---|---|---|---|
| SL No | LEARNING OUTCOMES | ACTIVITY DETAILS | DURATION | LEARNING AIDS | HELPS |
| | Adds more exchanges to the conversation suitable to the context | 1) Conversation.<br>Read Conversation and give chance to the students to act according to the given context.<br>2) Give chance to the students to make more exchanges to the conversation | July to March | ICT | |
| | Add more lines to a poem following a set of postern | !) Play an audio of song and let them to sing after the audio.<br>2) Then give chance to add more lines to the poem. | July to December | Books | |
| | Make simple riddles. | 1) Give Children the oppurtunity to hear and answer simple riddle<br>2) To make simple riddles. with the help of pictures. | August to March | Library books | |

| ENGLISH | | | | | |
|---|---|---|---|---|---|
| SL No | LEARNING OUTCOMES | ACTIVITIES | DURATION | Materials aids | Supporting factors |
| | Identity the pictures and describe in simple sentences. | Picture description<br>Teacher show some pictures<br>Discussion<br>Children talk about picture<br>Slow learners- gives oppurtunity to express their idea in malayalam | 2 Months | Pictures Chart | PTA<br>SMC<br>MTA<br>SRG |
| | Identity rhyming words in from the poem | Plays the audio of song<br>Let the learners sing after the audio<br>Discussion about the poem<br>Identies rhyming words. | 2 Months | ICT | |
| | Make Simple riddles | Teacher, Gives the oppurtunity to hear and answer simple riddles make simple riddles. | 2 Months | Pictures Chart | |

ENGLISH

| SL No | LEARNING OUTCOMES | ACTIVITIES | DURATION | Materials aids | Supporting factors |
|---|---|---|---|---|---|
| | Add more lines | Add lines to a poem following a set pattern<br>Play the audio of the song<br>Let the learners sing after audio, and add more lines to a poem | 3 Months | | |
| | Let’s read<br>Read and under stands the given stories and poem | provide the oppurtunity to read simple stories and poems<br>They tell the story they read<br>Conversation<br>Reading the conversation<br>Conversation is acting with friends | 7 Months | | SRG |
| | Add more exchanges to the conversation suitable to the context | Add more exchanges. | | | |

| ENGLISH | | | | |
|---|---|---|---|---|
| SL No | LEARNING OUTCOMES | ACTIVITIES | ACTIVITY DETAILS | DURATION |
| | Describes the pictures | Picture description | The teacher shows a picture<br>Discussion<br>The children talk about the picture<br>Slow learners<br>Gives oppurtunity to express their idea in Malayalam | 3 Months |
| | Arrange word in alphabetical order | Dictionary | Introducing the dictionary<br>Gives words<br>Arranging words in alphabetical order | 8 Months |
| | Adds more exchanges to the conversation suitable to the context. | Conversation | Reading the conversation<br>Conversation is acting with friends Adds more exchanges | 9 Months |
| | Identifies rhyning words from the poem | Rhyming words | Plays the audio of song let the learner sing after the audio<br>Discussion<br>Identifies rhyming words | 2 Months |

| ENGLISH | | | | |
|---|---|---|---|---|
| SL No | LEARNING OUTCOMES | ACTIVITIES | ACTIVITY DETAILS | DURATION |
| | Add lines to a poem following a set patern | Add more lines | Plays the audio of the song<br>Let the learner sing after audio<br>Add lines to the poem | 6 Months |
| | Reads and understands the given stories and poems | Lets read | Provides the opportunity to read simple stories and poems.<br>They tell the story they read | 3 Months |
| | Make simple riddles. | Riddles | Gives children the opportunity to hear and answer simple riddles<br>Make simple riddles | 7 Months |
| | Undertake simple project work given. | Project works | Gives instructions<br>Data collection<br>Codifying | 5 Months |

## ACADEMIC MASTER PLAN ENGLISH U P -2025-26

| SL No | LEARNING OBJECTIVES | ACTIVITIES | PERIOD/ DURATION | CHARGE | FINANCIAL ANALYSIS |
| --- | --- | --- | --- | --- | --- |
| | Provide Opportunitys to listen and speak english property | <u>Lend your Ear</u><br>• Simple and fun english is recorded and played Conversation<br>• Asks simple questions and encourages the students to answer in english. | June<br>July | English Teachers | English Club |
| | Practice emotional reading | <u>Follow me if you can</u><br>• Enable the learness to do activities by giving instructions only through english.<br>• Picture description word card, Letter cards Provide Opportunity to read simple stories and poems Role ply<br>• Provide opportunity to hear and answer simple riddle.<br>• Converstaion-Add more exchanges. | July to March | English Teachers | English Club |

| SL No | LEARNING OUTCOMES | ACTIVITIES | DURATION | Materials aids | Supporting factors |
|---|---|---|---|---|---|
| | | <u>Meet the foreigner</u><br>• Provide Opportunities to interact with foreigners.<br><u>FM corner</u><br>• Presentation of skit and Dreams.<br><u>Reader of the month</u><br>• Provide english newspaper to improve reading skill.<br><u>My Droplets</u><br>• Preparation of magazine in english | Once in a year<br><br>Every months<br><br>March | English Teachers | English club |

| SL No | LEARNING OUTCOMES | ACTIVITIES | DURATION | Materials aids | Supporting factors |
|---|---|---|---|---|---|
| | Boosts confidence in the english language | <u>Alert zone</u><br>• Preparation of posters, placards, notices and signboards<br><u>Fun Time</u><br>• Preparation of puzzle funny questions and riddles.<br><u>The Grand camp</u><br>• Arrange a one day camp involving parents who are proficient in English.<br>5th - Story telling, story writing.<br>6th - Role play, drama<br>7th - Speech<br>Documentary/Film show. | All periods<br><br>March | English Teachers | English club<br><br>PTA<br>SRG<br>MPTA<br>SMC |

| EVS 1 | | | | |
|---|---|---|---|---|
| SL No | പ്രവർത്തന ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ വിശദീകരണങ്ങൾ | കാലയളവ് | പിന്തുണ |
| 1. | ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്ഥതകളുണ്ടെന്ന് പറയുന്നു. | പ്രകൃതി നടത്തം<br>പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ<br>ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കൽ തിരിച്ചറിയൽ<br>സ്കൂൾ പൂന്തോട്ട നിർമ്മാണം.<br>പത്തിലകളുടെ ഫോട്ടോ എടുത്ത് ക്ലാസ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നു.<br>തിരിച്ചറിഞ്ഞ ചെടികൾ നിരീക്ഷിച്ച് പ്രത്യേകത പറയൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ICT |
| 2. | വിവിധതരം സസ്യങ്ങൾ ചെറിയ ചെടികൾ പൂക്കുന്നവ പൂക്കാത്തവ കണ്ടെത്തി പട്ടികപ്പെടുത്തുന്നു. | പൂച്ചെടികളെ പരിചയപ്പെടൽ<br>ചുറ്റുപാടുമുള്ള ചെടികൾ നിരീക്ഷിച്ച് ആഹാര യോഗ്യമായതും ഭംഗിക്ക് ഉപയോഗിക്കുന്നവരും കണ്ടെത്തൽ<br>മണമുള്ള പൂക്കൾ മണമില്ലാത്ത പൂക്കൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു. നിഗമനത്തിൽ എത്തിച്ചേരുന്നു. | സെപ്റ്റംബർ | സസ്യങ്ങൾ<br>പൂക്കൾ |

## EVS 2

| SL No | പ്രവർത്തന ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ വിശദീകരണങ്ങൾ | കാലയളവ് | പിന്തുണ |
|---|---|---|---|---|
| 3. | സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ് തുടങ്ങിയവ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു. ചിത്രീകരിക്കുന്നു. വിശദമാക്കുന്നു. | ചെടിയുടെ വേര്, തണ്ട്, ഇല, പൂവ്, കായ് തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. ചിത്രീകരണം വിശദമാക്കുന്നു.<br>പലതരം ചെടികൾ ഉണ്ടെന്ന് കണ്ടെത്തുന്നു.<br>പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ കണ്ടെത്തൽ<br>നിറത്തിന്റെ അടിസ്ഥാനത്തിൽ വീട്ടിൽ അടുക്കളത്തോട്ടം നിർമ്മിക്കൽ.<br>ഏതൊക്കെ ചെടികൾ നട്ടാലാണ് പൂക്കൾ, പച്ചക്കറി എന്നിവ ലഭിക്കുന്നത് എന്ന് തിരിച്ചറിയൽ | ഒക്ടോബർ<br>നവംബർ | പൂക്കൾ ചിത്രങ്ങൾ |
| 4. | നിരീക്ഷണം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മഴക്കാലത്ത് ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് തന്റേതായ രീതിയിൽ ആശയങ്ങൾ അവതരണം. | ചെറിയ പൂക്കൾ വലുത്, നിറം, ഇതളിന്റെ എണ്ണം രാത്രിയിൽ വിരിയുന്നത് മണം എന്നിവ തിരിച്ചറിയൽ പട്ടികപ്പെടുത്തി ഔഷധത്തോട്ട നിർമ്മാണം<br>ആഹാരത്തിനാവശ്യമായി ഉപയോഗിക്കുന്ന ചെടികൾ/ അല്ലാത്തവ കണ്ടെത്തൽ | ഡിസംബർ<br>ജനുവരി | ICT |

# EVS 3

| SL No | പ്രവർത്തന ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ വിശദീകരണങ്ങൾ | കാലയളവ് | പിന്തുണ |
|---|---|---|---|---|
| 5. | പതിപ്പുകൾ ആൽബം തയ്യാറാക്കൽ | എന്റെ പൂക്കൾ ആൽബം തയ്യാറാക്കൽ<br>പൂക്കളുടെ പതിപ്പ് തയ്യാറാക്കൽ<br>വിവിധ തരം പൂക്കൾ വരക്കുന്നത്.<br>ടീച്ചറുടെ സഹായത്തോടെ പഠിക്കൽ പച്ചക്കറി, പഴങ്ങൾ വിവിധതരം എന്ന് കണ്ടെത്തൽ | ഫെബ്രുവരി | |
| 6. | ലഘു നിരീക്ഷണ പ്രോജക്ടുകൾ ചെയ്യുന്നു. | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>CPTA യിൽ എന്റെ പൂക്കൾ<br>ആൽബം പ്രദർശനം<br>എന്റെ പരിസര പഠന പുസ്തകം പരിചയപ്പെടുത്തൽ | | ആൽബം |
| 7. | വിത്ത്, ഇല, പൂക്കൾ തുടങ്ങിയ ശേഖരിക്കുകയും ക്രമീകരിച്ച് പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | ചെടികളിൽ വ്യക്തമായ ധാരണ ഉറപ്പിക്കൽ<br>ചുറ്റുപാടും പലതരം ചെടികൾ<br>പൂക്കൾ ഉണ്ടെന്നുള്ളത്. വ്യക്തമായി ഉറപ്പിക്കാൻ<br>കഴിയുന്നു. | മാർച്ച് | |

## അക്കാദമിക മാസ്റ്റർ പ്ലാൻ പരിസര പഠനം (EVS) 202526

പരിസര പഠനം എന്ന വിഷയം പ്രത്യേകമായി എടുത്തുപഠിക്കാതെ ഉദ്ഗ്രഥിത പഠനം എന്ന പഠനത്തിലൂടെ പ്രകൃതിയെ കുറിച്ച് കൂടുതൽ പഠിക്കാനും പ്രകൃതിയുടെ ഭാഗമാകാനും കുട്ടികളെ ഈ പ്രവർത്തനങ്ങളിലൂടെ സജ്ജരാക്കണം

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കൽ | പ്രകൃതി നടത്തം<br>ജീവജാല നിരീക്ഷണം<br>പൂന്തോട്ടം ഒരുക്കൽ, പച്ചക്കറിത്തോട്ട നിർമ്മാണം<br>ഒരു തൈ നടാം പ്രവർത്തനം ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച്<br>ചെടിയുടെ വിവിധ ഭാഗങ്ങൾ വരച്ച് നിറം കൊടുക്കൽ | ജൂൺ<br>ഒക്ടോബർ<br><br>ജൂൺ മാർച്ച് | | |
| | വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും | വ്യക്തി ശുചിത്വത്തിനും, പരിസര ശുചിത്വത്തിനും ഉപയോഗിക്കുന്ന ഉപകരണങ്ങൾ പരിചയപ്പെടൽ ചിത്രം വരയ്ക്കൽ<br>വ്യക്തി ശുചിത്വ ആവശ്യകത വിവിധ രോഗങ്ങളെക്കുറിച്ച് അവബോധം നൽകൽ<br>പോസ്റ്റർ നിർമ്മാണം. | ജൂലൈ<br>to മാർച്ച് | പുസ്തകങ്ങൾ<br>ICT<br>ക്ലാസ്സ്<br>ലൈബ്രറി | |

| SL No | ലക്ഷ്യങ്ങൾ | പരിസര പഠനം/ പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1. | പരിസ്ഥിതിയെ അറിയുക,<br>സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.<br>നമുക്ക് ചുറ്റും ധാരാളം സസ്യങ്ങളും ജന്തുക്കളും ഉണ്ടെന്ന് തിരിച്ചറിയുക. | പ്രകൃതിയിലെ ജീവജാലങ്ങളെ നിരീക്ഷണം.<br>ആവാസവ്യവസ്ഥകൾ അടുത്തറിയാം.<br>ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച .<br>പ്രകൃതിക്ക് ദോഷമുണ്ടാകുന്ന മനുഷ്യന്റെ ഇടപെടലുകളെ അടുത്തറിയാം.<br>പ്രകൃതിയിലുള്ള സസ്യജന്തു, ജീവജാലങ്ങളെ പട്ടികപ്പെടുത്തുക.<br>പ്രത്യേകത അനുസരിച്ച് തരം തിരിക്കുക. | 4 മാസം | ചാർട്ട്<br>ക്രയോൺസ്<br>ICT | SRG<br>PTA |
| 2 | സസ്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയാനും സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമുള്ള കഴിവ് | പരിസര നിരീക്ഷണം<br>ചർച്ച - പ്രാധാന്യം<br>തൈനടൽ<br>പോസ്റ്റർ നിർമ്മാണം | | ചാർട്ട്<br>A4<br>മാർക്കർ<br>ക്രയോൺസ്<br>പശ | |

| പരിസര പഠനം | | | | |
|---|---|---|---|---|
| SL No | പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതി നടത്തം | ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>പ്രത്യേകതകൾ മനസ്സിലാക്കാം<br>വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>പ്രകൃതിക്ക് ദോഷമുണ്ടാകുന്ന മനുഷ്യന്റെ ഇടപെടലുകളെ അടുത്തറിയാം | 4 മാസം |
| | | പൂന്തോട്ടം ഒരുക്കാം, ഒരു തൈ നടാം പോസ്റ്റർ നിർമ്മാണം, ദാഹജലം | സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ, വീട്ടിൽ ഉണ്ടാക്കാം<br>വൃക്ഷതൈ നടാം, പരിപാലനം<br>പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കാം<br>പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | 3 മാസം<br>2 മാസം |
| | വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | ദിനകൃത്യങ്ങൾ | ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കണം.<br>ക്ലാസ് തല ശുചിത്വ മത്സരം | 8 മാസം |
| | | | വ്യക്തി ശുചിത്വം, ക്ലാസ്സ്റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | 7 മാസം |
| | | പരിസര നടത്തം | നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം. | |

| SL No | പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|---|
| | | | മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം | 6 മാസം |
| | | നല്ല ശീലം | പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ<br><br>പോസ്റ്ററുകൾ തയ്യാറാക്കാം<br>പരിസരങ്ങളിൽ പതിക്കാം. | |
| | | ഫീൽഡ്ട്രിപ്പ് | നമ്മുടെ നാടിനെ അടുത്തറിയാനായി ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട് etc) | 6 മാസം |
| | ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക. | പരീക്ഷണങ്ങൾ | ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>ക്യാമ്പ് | 3 മാസം |
| | | ശാസ്ത്രജ്ഞനോടൊപ്പം | മികച്ച ശാസ്ത്രാധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു.<br><br>ക്യാമ്പ് | 2 മാസം |
| | | പക്ഷി നിരീക്ഷണം | പക്ഷി നിരീക്ഷണത്തിന് അവസരം. | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| | വ്യക്തി ശുചിത്വവും പരിസര ശുചിത്വവും കുട്ടിയെ നല്ല ആരോഗ്യവാൻമാരാക്കി തീർക്കുക. | ദിനകൃത്യങ്ങൾ<br><br>പരിസര നടത്തം<br><br>ഓരോ ദിവസവും പ്രഭാത കൃത്യങ്ങൾ കൃത്യമായി നിർവ്വഹിക്കുക....<br><br>സ്കൂളിൽ പോകുന്നതിന് മുമ്പേ പ്രഭാത കൃത്യങ്ങൾ നിർവ്വഹിക്കുക എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുക.<br><br>ക്ലാസ് തല ശുചിത്വ മത്സരം<br><br>വ്യക്തി ശുചിത്വം, ക്ലാസ് റൂം<br><br>ശുചിത്വം എന്നിവയുടെ നിരന്തര<br><br>മൂല്യനിർണ്ണയത്തിലൂടെ മാർക്ക് നൽകുക. | 2 മാസം<br><br>2 മാസം | ICT<br>പോസ്റ്ററ്റർ | PTA<br>SRG<br>MTA |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| | നല്ല ശീലങ്ങൾ വളർത്തുക. | നമ്മുടെ പരിസരത്തെ മലനീകരണ പ്രശ്നം അടുത്തറിയാം (പരിസര നിരീക്ഷണം)<br>മലി നീകരണം മൂലമുള്ള പ്രശ്നങ്ങൾ ചർച്ച<br>നല്ല ശീലങ്ങളുമായി ബന്ധപ്പെട്ട ഒരു ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.<br>നല്ല ശീലവുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ തയ്യാറാക്കുന്നു.<br>പരിസരങ്ങളിൽ പതിക്കുന്നു.<br>നമ്മുടെ നാടിനെ അടുത്തറിയാനായി ഒരു ഫീൽഡ്ട്രിപ്പ് | 2 മാസം | ICT<br>പത്രകട്ടിംഗ്സ് | MTA<br>SRG |
| | ശാസ്ത്ര വിഷയത്തിൽ അഭിരുചിയും താൽപര്യവും വളർത്തുക. | വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>ശാസ്ത്രജ്ഞാനം ക്ലാസ്സ് സംഘടിപ്പിക്കൽ | 2 മാസം | A4 പേപ്പർ<br>പശ<br>ക്രയോൺസ്<br>മാർക്കർ | |

# ACADEMIC MASTER PLAN 2025-26
# SOCIAL SCIENCE

**ആമുഖം** :

പാഠപുസ്തകത്തിൽ മാത്രം ഒതുങ്ങിയുള്ള സാമൂഹ്യശാസ്ത്രപഠനം വിരസവും തികച്ചും അപര്യാപ്തവും ആണെന്ന് മനസ്സിലാക്കി പ്രക്രിയാധിഷ്ഠിതമായി സാമൂഹ്യശാസ്ത്രപഠനം മുന്നോട്ട് കൊണ്ടുപോകേണ്ടത് ആവശ്യമാണ്. ചരിത്രബോധവും, സാമൂഹ്യബോധവും, ചരിത്രാന്വേഷികളുമായി കുട്ടികൾ വളരേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്, അതിനായി വിദ്യാലയവുമായി ബന്ധപ്പെടുത്തി ഈ അധ്യയന വർഷത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്നതിനെ കുറിച്ചുള്ള ഒരു മാർഗ്ഗരേഖയാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ലക്ഷ്യങ്ങൾ** :

- സാമൂഹ്യ ശാസ്ത്രപഠനം എളുപ്പമാക്കുക.
- ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുക.
- സാമൂഹ്യബോധമുള്ള കുട്ടികളുമായി വളരുക.
- ചരിത്രാന്വേഷണം വളർത്തുക.
- ദേശീയബോധം വളർത്തുക.

42

| SL No | Programme | Activity | Duration | Support |
|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്രലാബ് | 5,6,7 ക്ലാസ്സുകളിലെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ teaching aids list ചെയ്യുന്നു.<br><br>Globe<br>Map<br>Atlas<br>Models<br>ചരിത്ര സ്മാരകങ്ങളുടെയും വ്യക്തികളുടെയും ചിത്രം, നാണയങ്ങൾ, മറ്റ് ഉപകരണങ്ങൾ<br><br>ഇവ ഉൾപ്പെടുത്തി സാമൂഹ്യ ശാസ്ത്രലാബ് സജ്ജമാക്കുന്നു. | ദീർഘകാലം (June-Sep) | PTA<br>SS Club<br>SRG |

| SL No | Programme | Activity | Duration | Support |
|---|---|---|---|---|
| 2 | Digital Album | പ്രാചീന നദിതട സംസ്കാരങ്ങൾ<br>മധ്യകാല ഇന്ത്യ<br>നമ്മുടെ ഭൂമി<br>വരയ്ക്കാം വായിക്കാം<br>വസ്ത്രത്തിന്റെ നാൾവഴികൾ<br>എന്നിങ്ങനെയുള്ള പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോകൾ എന്നിവ ഉൾപ്പെടുത്തി ഒരു digital album തയ്യാറാക്കുക. | October- Dec | |

| SL No | Programme | Activity | Duration | Support |
|---|---|---|---|---|
| 3 | Field trip | വയലുകൾ സന്ദർശനം പ്രീപിയുടെ ഗ്രാമം STDV | Jan-Feb | SS Club<br>SRG<br>PTA |
| 4 | Social Sciencefair | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പ്രദർശനം സംഘടിപ്പിക്കുന്നു<br><br>5,6,7 ക്ലാസ്സുകളിൽ നിന്നും സാമൂഹിക പ്രാധാന്യം ഉള്ള വിഷയങ്ങൾ കണ്ടെത്തി . Seminar അവതരിപ്പിക്കുന്നു.<br><br>നാണയം, Stamp പ്രദർശനം<br>Skit | Nov | |
| 5 | പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസിലാക്കി ര ക്ഷപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിക്കാൻ ബോധവാന്മാരാക്കുന്നു | ഔഷധ സസ്യങ്ങൾ ശേഖരിച്ച് തോട്ടം നിർമ്മിക്കുന്നു. പ്രാധാന്യം മനസ്സിലാക്കുന്നു<br><br>ഭൂകമ്പം, സുനാമി, കൊടുംകാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളുടെ തീവ്രതയെ കുറിച്ച് മനസിലാക്കുകയും അഗ്നിശമന സേനാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration class സംഘടിപ്പിക്കുകയും ചെയ്യുക. | Sep-Oct | SS Club<br>5,6,7 Students<br>PTA<br>SRG |

# ഗണിതം

**ആമുഖം** :

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ പക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷിളും, ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ പ്രാപ്തരായ വ്യക്തികളെ സൃഷ്ടിക്കുക എന്നതാണ് ശാസ്ത്രപഠനത്തിന്റെ പ്രധാനദൗത്യം.യു എൻ സുസ്ഥിരവികസനത്തിന്റെ 17 സൂചികകളിൽ ഒന്നായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റ് 16 സൂചികകളുടെയും അടിസ്ഥാനമായി വർത്തിക്കുന്നു. സമൂഹത്തിൽ ഇനിയും മാറാതെ നിലനിന്ന് വരുന്ന ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും മാറ്റിയെടുത്ത് കർമ്മനിരനരായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിൽ ശാസ്ത്രപഠനം വളരെ പ്രാധാന്യമർഹിക്കുന്നു.

**ലക്ഷ്യങ്ങൾ** :

1. ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുന്നു.
2. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
3. വിദ്യാർഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കല, കായിക, പ്രവർത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
4. സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ വിദ്യാർഥികളോടൊപ്പം സമൂഹത്തിനും ഉപയോഗപ്രദമാകുന്നു.
5. ഓരോ വിദ്യാർഥിയേയും ഒരു യൂണിറ്റായി പരിഗണിച്ചു കൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്നു.

## അടിസ്ഥാന ശാസ്ത്രം – അക്കാദമിക മാസ്റ്റർ പ്ലാൻ

| SL No | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| 1. | ഔഷധ സസ്യങ്ങൾ ഔഷധത്തോട്ട വിപുലീകരണം,ആരോഗ്യ പരിപാലനം | ഔഷധത്തോട്ട വിപുലീകരണത്തിനുള്ള സസ്യങ്ങൾ ശേഖരിക്കൽ<br>ഓരോ സസ്യത്തിന്റെയും ഉപയോഗം, പ്രാധാന്യം എന്നിവ ഉൾപ്പെടുത്തി എല്ലാ കുട്ടികളും ഔഷധ സസ്യങ്ങളുടെ ആൽബം നിർമ്മിക്കൽ<br>എല്ലാ മാസത്തിലും പുതിയ മൂന്ന് സസ്യങ്ങളെ പരിചയപ്പെടുത്തൽ.<br>വർഷത്തിലൊരിക്കൽ ആയുർവേദഡോക്ടറുടെ ക്ലാസ്.വിഷയം .ആരോഗ്യ പരിപാലനത്തിൽ ഔഷധ സസ്യങ്ങളുടെ പ്രാധാന്യം,അവയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത. | ഒരു അക്കാദമിക വർഷം | പി. ടി. എ പഞ്ചായത്ത് | |
| 2. | ശാസ്ത്രപരീക്ഷണങ്ങൾ | ഓരോ മാസത്തിലെയും പരീക്ഷണ പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു<br>ആവശ്യമുള്ള സാമഗ്രികളിൽ കുട്ടികളുടെ വീട്ടിൽ നിന്ന് ശേഖരിക്കാനുള്ളത് ലിസ്റ്റ് തയ്യാറാക്കുന്നു.<br>ആദ്യബാച്ചിന് പരീക്ഷണങ്ങൾ ചെയ്തു പഠിക്കുന്നതിനുള്ള അവസരം രണ്ടാമത്തെ വെള്ളിയാഴ്ചയും (11.45)രണ്ടാമത്തെ ബാച്ചിന് നാലാമത്തെ വെള്ളിയാഴ്ചയും നൽകുന്നു.<br>ചെയ്യുന്ന പരീക്ഷണ പ്രവർത്തനങ്ങൾക്ക് കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ട് എല്ലാ കുട്ടികളും ഒരു ശാസ്ത്രപരീക്ഷണ കുറിപ്പ് പുസ്തകം തയ്യാറാക്കുന്നു. | ഒരു അക്കാദമിക വർഷം | പി. ടി. എ പഞ്ചായത്ത് | |

# ഗണിതം

**ആമുഖം** :

ശാസ്ത്രത്തിന്റെ റാണി എന്നറിയപ്പെടുന്ന ഗണിതശാസ്ത്രത്തിന് പാഠ്യവിഷയത്തിനപ്പുറം നിത്യ ജീവിതത്തിൽ വളരെയധികം പ്രാധാന്യമുണ്ട്. അതിജീവിതത്തിന് വളരെയേറെ പ്രാധാന്യമുള്ള ഈ കാല ഘട്ടത്തിൽ കുട്ടികളിൽ ഗണിതാഭിരുചി വളർത്തിയെടുത്ത് ഏതൊരു പ്രശ്നത്തെയും ജീവിത സാഹച ര്യങ്ങളെയും അതിജീവിക്കാനുള്ള ശേഷി വളർത്തിയെടുക്കേണ്ടത് അനിവാര്യമാണ്. കുട്ടികളുടെ ഗണിതവത്കരണ ശേഷിയും വികസിപ്പിക്കലാണ് ഗണിതവിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം എല്ലാ കുട്ടി കളെയും ഗണിതപഠനത്തിന് താൽപര്യമുള്ളതാക്കുക എന്നതാണ് ഏറ്റവും പ്രധാനം. കുട്ടികൾക്ക് ഭയം മാറി ഗണിതം ആസ്വദിക്കുന്ന അവസ്ഥ വരണം. പ്രശ്നങ്ങൾ കണ്ടെത്താനും അവ പരിഹരിക്കാനും ഗണിതം സഹായകമാവണം. ഗണിതത്തിൽ ഉന്നതനിലവാരക്കാരായ പ്രത്യേക പരിഗണന അർഹിക്കുന്ന രെയും ചേർത്തുകൊണ്ട് ഗണിതപഠനം. ആസ്വാദ്യകരമാക്കുന്നതിന് സഹായകമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് ആസൂത്രണം ചെയ്യുന്നത്.

**ലക്ഷ്യങ്ങൾ** :

- കുട്ടികൾക്ക് ഗണിതത്തിലെ അടിസ്ഥാനശേഷികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നതിന്.
- കുട്ടികൾക്ക് താഴ്ന്ന ക്ലാസ്സിലെ അടിസ്ഥാന ആശയങ്ങളിൽ ധാരണ ഉണ്ടാക്കുന്നതിന്
- കുട്ടികൾക്ക് ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുക.
- വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.
- പഠിക്കുന്ന ആശയങ്ങൾ ജീവിതവുമായി ബന്ധപ്പെടുത്തി ഗണിതപഠനത്തിലെ വിരസിത ഒഴിവാക്കുക.
- കുട്ടികളുടെ പഠനനേട്ടവും പഠനനിലയും രക്ഷിതാക്കളുമായി അതത് സമയങ്ങളിൽ പങ്കുവെയ്ക്കുന്നതിന്.

**ഗണിത പഠനം പ്രശ്നങ്ങൾ** :

**അക്കാദമികം**

- കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല
- കുട്ടികൾക്ക് പ്രൈമറി ക്ലാസ്സിലെ അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ്
- ICT അധിഷ്ഠിതനായും പ്രക്രിയാബന്ധിതമായും പാഠാസൂത്രണം നടത്താൻ പരിമിതി ഉണ്ട്
- പഠനോപകരണങ്ങൾ സ്വയം തയ്യാറാക്കുന്നതിന് ധാരണക്കുറവ്

**ഭൗതീകം**

- ക്ലാസ് മുറികൾ പ്രവർത്തനാധിഷ്ഠിത പഠനത്തിന് അനുയോജ്യമല്ല
- ഗണിത ലാബിന്റെ അഭാവം
- ലൈബ്രറി ഫലപ്രദമല്ല

**സാമൂഹികം**

- സമൂഹത്തിലെ ഗണിത വൈദഗ്ധ്യം ഫലപ്രഥമായി സ്കൂളിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.

## ഗണിതം – അക്കാദമിക മാസ്റ്റർ പ്ലാൻ

| SL No | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | അക്കാദമികം | <u>പ്രീ ടെസ്റ്റ്</u><br>1. ഒന്നാം ക്ലാസ് മുതൽ 7-ാം ക്ലാസ് വരെ കുട്ടികൾ നേടേണ്ട അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുക.<br>2 ചോദ്യാവലി ഉണ്ടാക്കുക.<br>3 പ്രീടെസ്റ്റ് നടത്തുക.<br>4.മൂല്യനിർണ്ണയം നടത്തുക<br>5. ഫലം ക്രോഡീകരിക്കുക, റിപ്പോർട്ട് തയ്യാറാക്കുക, അവലോകനം ചെയ്യുക. | ജൂൺ | ഗണിതാധ്യാപകൻ | 2000 | |
| | | <u>പഠനോപകരണ ശില്പശാല</u><br>ഓരോ പാഠഭാഗത്തിലെയും ആശയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ പട്ടികപ്പെടുത്തുക<br>വിദഗ്ധരെ കണ്ടെത്തുക.<br>പഠനോപകരണങ്ങൾ നിർമിക്കുക | ജൂൺ<br>ജൂലൈ | വിഷയസമിതി | 2000 | |
| | | ഗണിത മേളക്ക് തയ്യാറാക്കൽ | | സബ്ജ്ക്റ്റ് കൗൺസിൽ | | |

## ഗണിതം – അക്കാദമിക മാസ്റ്റർ പ്ലാൻ

| SL No | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 2 | | പാഠാസൂത്രണം<br>ഓരോ പാഠഭാഗത്തിലെയും ആശയങ്ങൾ പട്ടികപ്പെടുത്തുക.<br>കളി സാധ്യതകൾ പട്ടികപ്പെടുത്തുക<br>പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുക.<br>പഠനോപകരണങ്ങൾ ഉണ്ടാക്കുക.<br>പ്രവർത്തനങ്ങൾ വിനിമയം ചെയ്യുക. | ജൂൺ<br>ജൂലൈ<br>ഓരോ ടേമിലും | സബ്ജക്റ്റ് കൗൺസിൽ | 10000 | |
| 3 | | പരിഹാരബോധനം<br>1. അടിസ്ഥാനശേഷികൾ പട്ടികപ്പെടുത്തുക.<br>2. പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുക, നടപ്പിലാക്കുക.<br>3. മൂല്യനിർണ്ണയം നടത്തുക<br>4. ഫലം ക്രോഡീകരിക്കുക., അവലോകനം ചെയ്യുക.<br>5. ഫലം പ്രസിദ്ധപ്പെടുത്തുക<br>6. ഭിന്നശേഷി, ഭിന്ന നിലവാരക്കാരായ കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. | ജൂൺ | സബ്ജക്റ്റ് കൗൺസിൽ (ഗണിതം) | | |

| ഗണിതം – അക്കാദമിക മാസ്റ്റർ പ്ലാൻ | | | | | | |
|---|---|---|---|---|---|---|
| SL No | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| 4 | | <u>ഗണിതമേള</u><br><u>കളിഗണിതം</u><br>ക്ലബ്ബ് പ്രവർത്തനത്തിനുള്ള വാർഷിക കലണ്ടർ തയ്യാറാക്കുക.<br>ആശയങ്ങളുമായി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുക, പട്ടികപ്പെടുത്തുക.<br>വിദഗ്ദ്ധരെ കണ്ടെത്തുക<br>ക്ലാസുകൾ സംഘടിപ്പിക്കുക | ജൂൺ<br>ഓരോ ടേമിലും | വിഷയ സമിത<br>പി.ടി.എ | 2500 | |
| 5 | | <u>ഗണിതലൈബ്രറി</u><br>എല്ലാ ക്ലാസുകളിലെയും ക്ലാസ് ലൈബ്രറിയിൽ ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ ശേഖരണം, പഠനോപകരണ ശേഖരണം.<br>ക്ലാസ്സിൽ ഉണ്ടാകേണ്ട പഠനോപകരണങ്ങൾ പട്ടികപ്പെടുത്തുന്നു. ഗണിത ക്ലബ്ബിലെ അംഗങ്ങളെ ഉൾപ്പെടുത്തി പുസ്തകങ്ങൾ സമാഹരിക്കുന്നു പഠനോപകരണങ്ങൾ തയ്യാറാക്കുന്നു. | ജൂൺ<br>ഓരോ ടേമിലും | വിഷയ സമിത<br>ക്ലബ്ബ് കൺവീനർ | 5000 | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു. | കളികളിലൂടെ സംഖ്യകൾ തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നു.<br>ഒരക്ക സംഖ്യകൾ ആരോഹണ/അവരോഹണ ക്രമത്തിലാക്കൽ<br>സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.<br>സംഖ്യ കാർഡ് നിർമ്മിക്കൽ<br>ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു<br>സംഖ്യകൾക്കനുസരിച്ച് ചിത്രങ്ങൾ വരച്ചു ചേർത്ത് കാർഡ് നിർമ്മാണം | ജൂൺ<br>ജൂലൈ | സംഖ്യാ കാർഡ്<br>മഞ്ചാടി<br>കോയിൻസ്<br>കാർഡ് | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2 | 1 മുതൽ 9 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു. | 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ<br>കൂടുതൽ, കുറവ് തിരിച്ചറിയൽ<br>ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ<br>ഒരക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനം വ്യവകലനം | ആഗസ്റ്റ് | | |
| 3 | 9 ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യകിട്ടും എന്ന് കണ്ടെത്തി പറയുന്നു. | ഒന്നിനോട് ഒന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ് സംഖ്യാഗാനം ആലപിക്കൽ<br>ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത ക്രിയകളിൽ ഏർപ്പെടൽ | സെപ്റ്റംബർ | ICT | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 4 | ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന (1-20) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. അതിനുള്ള കഴിവ് നേടുന്നു. | ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ ഒന്നിടവിട്ടസംഖ്യകൾ, ഒറ്റസംഖ്യ ഇരട്ടസംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ<br><br>വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ<br>സംഖ്യാഗാനങ്ങൾ പാടുന്നു - ശേഖരിക്കുന്നു.<br><br>ഗണിത പ്രവർത്തനങ്ങൾ, ആസ്വദിക്കൽ, വർക്ക് ഷീറ്റ് ചെയ്യുന്നു.<br><br>ഒരക്ക സംഖ്യകൾ രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനം വ്യവകലനം ചെയ്യുന്നു. | ഒക്ടോബർ<br><br>നവംബർ | കോയിൻസ്<br><br>ICT | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | സംഖ്യകൾ അവരോഹണ ആരോഹണ ക്രമത്തിൽ എഴുതൽ<br>ഗണിത ആൽബം തയ്യാറാക്കൽ<br>My number book തയ്യാറാക്കൽ<br>സംഖ്യകളെ സുന്ദരിയാക്കൽ<br>വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ<br>ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ<br>സങ്കലം വ്യവകലനം (+, -) ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു. സംഖ്യാഖ്യാനത്തിലേക്ക് കടക്കുന്നു. | ഡിസംബർ<br>ജനുവരി | ഡിസംബർ | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | ഗണിത ആൽബം CPTA യിൽ പ്രദർശനം<br><br>സംഖ്യാഗാന ആൽബം തയ്യാറാക്കൽ പ്രദർശനം<br><br>വില വിവരപ്പട്ടിക പ്രശ്ന വിശകലന ക്രിയക ളിൽ ഏർപ്പെടൽ<br><br>ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ<br><br>ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ പരിചയപ്പെടൽ ICT സാധ്യതയിൽ Materi- als ഉപയോഗിച്ച് ഗണിത കേളികളിൽ ഏർപ്പെടൽ<br>ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധ തരം worksheet കൾ നൽകുന്നു | ഫെബ്രുവരി<br><br>മാർച്ച് | ലൈബ്രറി ബുക്ക്<br><br>ഉല്ലാസ ഗണിത ഉപകരണങ്ങൾ | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1 Pre test<br>2 അക്ഷരം ഉറപ്പിക്കൽ<br>3 ചിഹ്നം ഉറപ്പിക്കൽ<br>4 അക്ഷര കാർഡ് നൽകൽ<br>5 വാക്കുകൾ എഴുതിയ കാർഡ്<br>6 വാക്കുകളുടെ നിർമ്മാണം/ പദസൂര്യൻ<br>7 വാക്യ നിർമ്മാണം/ കഥ പൂർത്തിയാക്കൽ<br>8 CD യിൽ അല്ലെങ്കിൽ IT സാദ്ധ്യത ഉപയോഗിച്ച് ചിത്രങ്ങൾ കാണിക്കുക. വാക്കുകൾ, വാക്യങ്ങൾ നിർമിക്കുക.<br>9 ചിത്രങ്ങൾ അടങ്ങിയ കഥാപുസ്തകം കൊടുക്കുക.<br>10 വരച്ച് യോജിപ്പിക്കൽ പ്രവർത്തനങ്ങൾ (ചിത്രം - വാക്കുകൾ) | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അക്ഷര കാർഡ്<br>ICT<br>ചിത്രങ്ങൾ | |
| | | 1 വായനമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>2 സ്കൂൾ ലൈബ്രറിയിൽ പങ്കാളികളാവുക<br>3 പത്രവായന/ അമ്മ വായന | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | ലൈബ്രറി പുസ്തകം | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 4. ദിനാചരണങ്ങൾ<br>5. വിദ്യാരംഗം കലാസാഹിത്യവേദി<br>6. ചിത്ര വായന<br>7. ഗ്രൂപ്പ് വായന<br>8. E-വായന പ്രോത്സാഹിപ്പിക്കൽ<br>9. പുസ്തക വായന<br>10. കുട്ടികവിത/ കഥാ ശേഖരണം...... വിവരണം<br><br>1. വരികൾ പൂർത്തിയാക്കാം... പ്രവർത്തനം<br>2. കഥ നിർമ്മിക്കാം....<br>3. ഇഷ്ടപ്പെട്ട ജീവിയെക്കുറിച്ചോ, ചിത്രത്തെ ക്കുറിച്ചോ വാക്യങ്ങൾ എഴുതുക.<br>4. ചിത്രത്തിൽ കാണുന്ന വസ്തുക്കളുടെ പേരെഴുതൽ, വർണ്ണന<br>5. വിട്ടുപോയ വാക്കുകൾ/ അക്ഷരങ്ങൾ, വാക്യങ്ങൾ എഴുതുക.<br>6. പദസൂര്യ നിർമ്മാണം<br>7. പകരം പദനിർമ്മാണം<br>പുതിയ പദ പരിചയം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>മാർച്ച് | ICT<br><br>ചിത്രങ്ങൾ<br><br>അക്ഷര കാർഡ്<br><br>ചിത്രങ്ങൾ | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 8 കുട്ടിക്കഥ, കുട്ടികവിതാ നിർമ്മാണം<br>9 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് എഴുത്തിന്റെ സാധ്യത കണ്ടെത്തുക.<br>10 പോസ്റ്റർ നിർമ്മാണം | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ –ഗണിതം

കുട്ടികളുടെ ഗണിതവത്ക്കരണ ശേഷികൾ വികസിപ്പിക്കലാണ് ഗണിത വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. എല്ലാ കുട്ടികളെയും ഗണിത പഠനത്തിന് താല്പര്യമുള്ളവരാക്കുകയെന്നതാണ് ഗണിത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യം

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | സംഖ്യാബോധം (1-500) വരെയുള്ള സംഖ്യകൾ എണ്ണാനും എഴുതാനും) | 1) നറുക്കെടുക്കാം - സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു. കിട്ടിയവർ സംഖ്യ വായിക്കുന്നു. മറ്റുള്ളവർ എഴുതുന്നു.<br>2) 10 ചങ്ങാതിമാർ - നറുക്കെടുത്ത സംഖ്യയെ തുടർന്ന് വരുന്ന 10 സംഖ്യ എഴുതാൻ അവസരം.<br>3) സംഖ്യാ പാറ്റേണുകൾ<br>4) ക്രമത്തിലാക്കാം - ആരോഹണ ക്രമം / അവരോഹണ ക്രമം<br>5) സംഖ്യാസൂര്യൻ | ജൂൺ<br>സെപ്റ്റംബർ | സംഖ്യാകാർഡ്<br>Books<br>റീഡിങ്ങ് കാർഡ്സ് | |
| 2 | രണ്ടക്ക/മൂന്നക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ (സ്ഥാനവിലയ്ക്കനുസരിച്ച്) | 1) കൂട്ടങ്ങളാക്കൽ (തന്നിരിക്കുന്നവയെ ഒരക്ക, രണ്ടക്ക, മൂന്നക്ക കൂട്ടങ്ങളാക്കൽ<br>2) സംഖ്യാസൂര്യൻ - രണ്ടക്ക മൂന്നക്ക സംഖ്യകളെ സ്ഥാനവിലയനുസരിച്ച് എഴുതൽ<br>3) ക്രമീകരിക്കാം - 'അബ്ബാക്കസ്<br>4) സംഖ്യാപരിചയം- പുസ്തകങ്ങൾ | ജൂലൈ<br>ഒക്ടോബർ | ചാർട്ട്<br>ICT<br>അബ്ബാക്കസ്<br>ലൈബ്രറി<br>പുസ്തകങ്ങൾ<br>(ഗണിത പുസ്തകം) | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3<br>4 | പ്രായോഗിക പ്രശ്ന നിർദ്ധാരണം<br>സങ്കലനം, വ്യവകലനം തുടങ്ങി ചതുഷ് ക്രികൾ ഉറപ്പിക്കൽ | 1) ചതുഷ്ക്രിയകളിലെ സങ്കലനം, വ്യവകലനം തുടങ്ങി ക്രിയകൾ ഉപയോഗിച്ചുള്ള നിർദ്ധാരണം<br>1) സംഖ്യാചക്രം- സംഖ്യാ ചക്രം കറക്കി രണ്ടു സംഖ്യകൾ തെരഞ്ഞെടുക്കുന്നു. അവ തമ്മിൽ കൂട്ടുന്നു/ കുറക്കുന്നു.<br>2) ഭാഗ്യവാനെ കണ്ടെത്താം<br>അധ്യാപകൻ ബോർഡിൽ ഒരു സംഖ്യയെഴുതുന്നു. വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടിയ്ക്ക് നൽകുന്നു. ക്രിയ ചെയ്ത് ആരുടെ ഉത്തരം ശരിയെന്ന് കണ്ടെത്തുന്നു.<br>3) വരച്ച് യോജിപ്പിക്കാം.<br>ക്രിയ ചെയ്യുന്ന സംഖ്യകൾ ഒരുവശത്തും/ ഉത്തരം മറുവശത്തും (ക്രമമല്ലാതെ) Match ചെയ്യുന്നവ യോജിപ്പിക്കുക. | 6 Months | കളിനോട്ടുകൾ<br>നാണയങ്ങൾ<br>ICT സാധ്യത<br>സംഖ്യാ കാർഡ്<br>സംഖ്യാ ചാർട്ട് | |
| 5 | രൂപ നാണയം എന്നിവയെക്കുറിച്ചുള്ള അറിവ് | 1) കളിനോട്ടുകൾ ഉപയോഗിച്ചുള്ള കളികൾ.<br>2) ചില്ലറയാക്കുക എന്ന പ്രവർത്തനം പ്രായോഗിക പ്രശ്ന നിർധാരണം) ക്ലാസിൽ ചെയ്യിക്കുന്നു. | 2 Months | | |

| ഗണിതം | | | | | |
|---|---|---|---|---|---|
| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണം | കാലയളവ് | ഭൗതികം | പിന്തുണ |
| 1 | മൂന്നക്ക സംഖ്യകൾ കൈകാര്യം ചെയ്യാൻ അറിയുക. | രണ്ടക്ക സംഖ്യകൾ വായിക്കാനും<br><br>എഴുതാനും വേണ്ട പ്രവർത്തനങ്ങൾ<br><br>രണ്ടക്ക സംഖ്യയെ വിവിധ രീതിയിൽ വ്യാഖ്യാനിക്കൽ<br><br>രണ്ടക്ക സംഖ്യ ഉപയോഗിച്ചുള്ള സങ്കലന, വ്യവകലന ക്രിയകൾ<br><br>പണം നിക്ഷേപിക്കുന്നതിനുള്ള പ്രവർത്തനം | ജൂൺ | സംഖ്യാ കാർഡുകൾ<br><br>മാതൃകകൾ | SRG<br>SMC<br>PTA |
| 2. | മൂന്നക്ക സംഖ്യകൾ വായിക്കുന്നു. മൂന്നക്ക സംഖ്യയെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ കഴിയുന്നു. | ക്ലാസ്സിൽ ഒരു കട, സ്കൂളിൽ ഒരു കട പ്രവർത്തനങ്ങൾ<br><br>പട്ടിക പൂർത്തിയാക്കൽ<br><br>മൂന്നക്ക സംഖ്യകളുടെ വ്യാഖ്യാനം 100 മുതൽ 200 വരെ. | ജൂലൈ | സംഖ്യാകാർഡുകൾ<br>മുത്തുകൾ<br>പൊട്ടുകൾ<br>അബാക്കസ് | SRG<br>SMC |

| ഗണിതം | | | | | |
|---|---|---|---|---|---|
| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണം | കാലയളവ് | ഭൗതികം | പിന്തുണ |
| 3 | മൂന്നക്ക സംഖ്യയുടെ മുന്നിലും സംഖ്യകൾ എഴുതൽ | പുസ്തകങ്ങൾക്ക് നമ്പർ നൽകുന്നതിലൂടെ മൂന്നക്ക സംഖ്യകൾ തുടർച്ചയായി എഴുതുന്നു.<br><br>ഗണിത വിജയ പ്രവർത്തനങ്ങൾ സജ്ജമാക്കൽ | ആഗസ്റ്റ് | സംഖ്യാകാർഡുകൾ | |
| 4. | സംഖ്യയെ സ്ഥാന വിലയ്ക്കനുസരിച്ച് പിരിച്ചെഴുതുന്നു. | സംഖ്യകളെ അതിന്റെ സ്ഥാന വിലയ്ക്കനുസരിച്ച് ഒന്നുകളും, പത്തുകളും നൂറുകളുമായി വേർതിരിച്ച് പറയാൻ കഴിയുന്നു.<br><br>കളിനോട്ടുകൾ, അബ്ബാക്കസ് ഇവ ഉപയോഗിച്ച് സ്ഥാനവില കണ്ടെത്തി പറയുന്നു.<br><br>സംഖ്യയുടെ സ്ഥാന വില ഇടത്തോട്ട് പോകും തോറും പത്ത് മടങ്ങ് വർദ്ധിക്കുന്നു. എന്ന് തിരിച്ചറിയുന്നു. | സെപ്റ്റംബർ | അബ്ബാക്കസ്<br>സംഖ്യാകാർഡ്<br><br>മഞ്ചാടി<br>ഈർക്കിൽ | SRG |

| ഗണിതം | | | | | |
|---|---|---|---|---|---|
| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണം | കാലയളവ് | ഭൗതികം | പിന്തുണ |
| 5 | രണ്ട് സംഖ്യകളെ കൂട്ടി ചേർക്കുന്നതിന് സങ്കലന ക്രിയ ഉപയോഗിക്കുന്നു.<br><br>സംഖ്യകളുടെ പ്രത്യേകതകൾ പരിശോധിച്ച് സംഖ്യാ ബന്ധങ്ങളെ സംബന്ധിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു. | പ്രവർത്തനങ്ങൾ ചെയ്യൽ ഗണിത ശില്പശാല<br>മഞ്ചാടി, ഈർക്കിൽ എന്നിവ ഉപയോഗിച്ച്<br>മൂന്നക്ക സംഖ്യകൾ കൂട്ടങ്ങളാക്കൽ<br>സ്ഥാനവില പോക്കറ്റ്<br>വിവിധതരം ഗണിത കേളികളിൽ ഏർപ്പെടൽ<br>ഒരു മൂന്നക്ക സംഖ്യയോട് മറ്റൊരു മൂന്നക്ക സംഖ്യ കൂട്ടുന്നതിനുള്ള രീതി വിശദീകരിക്കുന്നു.<br>പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനക്രിയ ഉപയോഗിക്കുന്നു<br>ഗണിത വിജയ പ്രവർത്തനങ്ങൾ സാധ്യമാക്കൽ | സെപ്റ്റംബർ | പൊട്ട്<br>സ്ട്രിപ്പുകൾ<br>കളിനോട്ടുകൾ<br>സംഖ്യാ കാർഡുകൾ | SRG |

## ഗണിതം

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 6 | നിത്യ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വ്യവകലന ക്രിയ ഉപയോഗിക്കുന്നു<br>(പുനഃ ക്രമീകരണം ഉള്ളത് ) | ഇരട്ടി (രണ്ട് മടങ്ങ്/ ഒരു സംഖ്യയോട് അതേ സംഖ്യ കൂട്ടിയത്) കണ്ടെത്തുന്നതിനുള്ള പ്രായോഗിക പ്രശ്നങ്ങളിൽ ഏർപ്പെടുന്നു.<br>പാറ്റേണുകൾ പൂർത്തിയാക്കുന്നു.<br>ഒരു സംഖ്യയിൽ നിന്ന് മറ്റൊരു സംഖ്യ കുറയ്ക്കുന്നതിനുള്ള പ്രവർത്തന രീതികൾ വിശദീകരിക്കുന്നു.<br>പാറ്റേൺ പൂർത്തിയാക്കൽ<br>നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (കടയിലേക്ക് ) ചെയ്യുന്നു. | ഒക്ടോബർ | കളിനോട്ട്<br>നാണയങ്ങൾ മഞ്ചാടി<br>കമ്പ് കെട്ടുകൾ<br>മുത്ത്. | |

| ഗണിതം | | | | | |
|---|---|---|---|---|---|
| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണം | കാലയളവ് | ഭൗതികം | പിന്തുണ |
| 7 | ചുറ്റുപാടുമുള്ള രൂപങ്ങളിൽ നിന്നും ജ്യാമിതീയ രൂപങ്ങൾ കണ്ടെത്തുന്നു. | ചുറ്റുപാടുമുള്ള രൂപങ്ങളിൽ നിന്നും, ചതുരം വൃത്തം, ത്രികോണം എന്നിവ കണ്ടെത്തുന്നു.<br>ഈ രൂപങ്ങൾ ചേർത്ത് ത്രിമാന രൂപങ്ങൾ നിർമ്മിക്കുന്നു.<br>ചിത്രം വരയ്ക്കൽ<br>നിറം നൽകൽ | നവംബർ | പേപ്പർ കത്രിക പശ,<br>ഈർക്കിൽ<br>ക്രയോൺസ്<br>തീപ്പെട്ടികമ്പ്<br>വാൾ ട്യൂബ് | SRG |
| 8 | സമയം (ക്ലോക്ക്, വാച്ച് എന്നിവ) നോക്കി പറയുന്നു.<br>സമയം അളക്കുന്നതിനുള്ള യൂണിറ്റുകൾ പരിചയപ്പെടുന്നതിനുള്ള പ്രവർത്തനം<br>കലണ്ടർ നോക്കി ഇംഗ്ലീഷ്, മലയാളം മാസങ്ങൾ, ദിവസങ്ങൾ എന്നിവ കണ്ടെത്തുന്നതിന്. | നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>ഒരു കുട്ടിയുടെ ഒരു ദിവസത്തെ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളുടെ സമയങ്ങൾ പറയുന്നു.<br>കലണ്ടർ നോക്കി ജന്മദിനം, വിശേഷദിവസങ്ങൾ കണ്ടെത്തുന്നു. | ഡിസംബർ | ക്ലോക്ക്<br>വാച്ച്<br>കാർഡ്ബോർഡ്<br>ഈർക്കിൽ<br>കലണ്ടർ | |

| ഗണിതം | | | | | |
|---|---|---|---|---|---|
| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ /വിശദീകരണം | കാലയളവ് | ഭൗതികം | പിന്തുണ |
| 9 | ആവർത്തന സങ്കലനമാണ് എന്ന ആശയം | പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു. ഗുണന വസ്തുതകൾ രൂപീകരിക്കുന്നു. ഗണിത പാറ്റേണുകൾ, പസിലുകൾ, ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ ഗണിത ലാബിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജനുവരി | സംഖ്യാ സ്ട്രിപ്പുകൾ | SRG |
| 10 | വിവിധ അളവുകൾ അതിന്റെ യൂണിറ്റുകളും പരിചയപ്പെടുന്നു. നീളം, മീറ്റർ, സെന്റീമീറ്റർ ലിറ്റർ, മില്ലി ലിറ്റർ | നിത്യജീവിതവുമായി ബന്ധപ്പെട്ട ഒട്ടനവധി പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നീളം, വീതി, ലിറ്റർ, ഗ്രാം കിലോഗ്രാം എന്നീ അളവുകൾ അതിന്റെ യൂണിറ്റുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ഫെബ്രുവരി മാർച്ച് | സ്കെയിൽ അളവ്, പാത്രങ്ങൾ, റിബൺ | |

| ഗണിതം | | | | |
|---|---|---|---|---|
| SL No | പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന /വിശദീകരണം | കാലയളവ് |
| | സംഖ്യാബോധം (1-100 സംഖ്യകൾ എണ്ണുന്നു എഴുതുന്നു) | നറുക്കെടുക്കാം | സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു കിട്ടിയ സംഖ്യ വായിക്കാം മറ്റുള്ളവർ സംഖ്യ എഴുതുന്നു. | 1 ആഴ്ച |
| | | 10 ചങ്ങാതിമാർ | സംഖ്യ നറുക്ക് എടുക്കുന്നു. കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച് ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം | 1 മാസം |
| | | പാറ്റേൺ പൂർത്തിയാക്കൽ | വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കുന്നു. | 3 മാസം |
| | | ക്രമത്തിലാക്കാം | വ്യത്യസ്ത സംഖ്യകൾ നൽകുന്നു. ആരോഹണക്രമം അവരോഹണക്രമം എഴുതാം. | 1 മാസം |
| | മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം കളി നോട്ട് / ഗ്രീസ് ഉപയോഗിച്ച് 1,10,100,1000, 10000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. | |
| | | സംഖ്യാസൂര്യൻ | ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം എഴുതിയ സംഖ്യകളെ ഗ്രൂപ്പായി തിരിഞ്ഞ് വ്യത്യസ്ത രീതിയിൽ എഴുതുന്നു. | 2 ആഴ്ച |
| | | ക്രമീകരിക്കാം | സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം. അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കാം. | 3 മാസം |

## ഗണിതം

| SL No | പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന /വിശദീകരണം | കാലയളവ് |
|---|---|---|---|---|
| | പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br><br>സമയക്രമം<br><br>ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | ക്ലാസിൽ ഒരു കട/ കച്ചവട കണക്ക്<br><br>ക്ലോക്ക് നിർമ്മാണം<br><br>സംഖ്യാ ചക്രം<br><br>ഭാഗ്യവാനെ കണ്ടെത്താം<br><br>ജോഡി കണ്ടെത്താം | കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം അരി etc ചേർത്ത് അവക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>ത്രാസ് അളവ് പാത്രം ക്രമീകരിക്കുന്നു.<br>കളിനോട്ട് ഉപയോഗപ്പെടുത്തി കളി തുടരുന്നു.<br>പ്രയാസങ്ങൾ ഗ്രൂപ്പിൽ അധ്യാപികയുടെ സഹായത്തോടെ പരിഹരിക്കുന്നു.<br>ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയക്രമം തയ്യാറാക്കുന്നു. (am, pm)<br>സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ<br>സംഖ്യാചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>അവ തമ്മിലുളഅള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം.<br>അധ്യാപകൻ ബോർഡിൽ സംഖ്യ എഴുതുന്നു. വിവിധ നറുക്ക് കുട്ടികൾക്ക് കൊടുത്ത് അതിലെ ക്രിയകൾ ചെയ്യാൻ ആവശ്യപ്പെടുന്നു.<br>വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾക്ക് സംഖ്യാ നറുക്കുകൾ തെരഞ്ഞെടുക്കുവാൻ അവസരം നൽകുന്നു.<br>സംഖ്യാ ചാർട്ടിലെ ഉത്തരം കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. | 1 മാസം<br><br>1 മാസം<br><br>3 മാസം<br><br>7 മാസം<br><br>6 മാസം |

# ACADEMIC MASTERPLAN

# HINDI

# 2025-26

മേഖല : അക്കാദമികം    ഉപമേഖല : ഹിന്ദി ഭാഷ  സ്കൂൾ  തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ജൂൺ 3 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ,ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ചു അറിവുകൾ നൽകുന്നു. | ജൂൺ 4 | 6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ, ഹിന്ദി ക്ലബ് | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ,ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ചു അറിവുക |

| | | | | | |
|---|---|---|---|---|---|
| | | | | | ൾ ഹിന്ദി ഭാഷയിലൂടെ നൽകുന്നു. പദസമ്പത്തു വർധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു. |
| 3 | പരിസ്ഥിതി ദിനം | ജൂൺ 5 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | വ്യക്തി ശുചിത്വം, പരിസര ശുചിത്വം , ഹരിത ക്യാമ്പസ് ,സ്കൂൾ സൗന്ദര്യവൽക്കരണം എന്നിവയുടെ ആവശ്യകതയെക്കുറിച്ചു മനസ്സിലാക്കുന്നു |
| 4 | വായനാദിനം, അഞ്ചാം ക്ലാസ്സിലെ ഹിന്ദി ക്ലബ് രൂപീകരണം | ജൂൺ 19 | 5,6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| 5 | ലഹരിവിരുദ്ധ ദിനം ,ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ കവിത | ജൂൺ 26 | 5,6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| 6 | പ്രേംചന്ദ് ജയന്തി. | ജൂലൈ 31 | 5,6,7 | ഹിന്ദി അധ്യാപകർ | പ്രേംചന്ദിനെക്കുറിച്ചു അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തല്പരരാക്കാനും ജീവിത വിജയത്തിന് പ്രതിസന്ധികൾ തടസ്സമല്ലെന്ന് ബോധ്യപ്പെടുത്താനും കഴിയുന്നു. |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി | സെപ്റ്റംബർ14 | 5,6,7 | ഹിന്ദി | ഹിന്ദി |

| | | | | | |
|---|---|---|---|---|---|
| | പത്രിക തയ്യാറാക്കുക. | | | അധ്യാപകർ | ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസിലാക്കുന്നു |
| 8 | ഗാന്ധിജയന്തി | ഒക്ടോബർ 2 | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ, PTA,രക്ഷിതാക്കൾ ,ഹിന്ദി ക്ലബ് | സ്കൂൾ പരിസരം വൃത്തിയാക്കുന്നു. |
| 9 | ശിശുദിനം | നവംബർ 14 | | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ചാച്ചാജിയെക്കുറിച്ചു അറിയാനും ദേശസ്നേഹം വർധിപ്പിക്കാനും പ്രസംഗം അവതരിപ്പിക്കുന്നതിലൂടെ ഭാഷയെ വികസിപ്പിക്കാനും സാധിക്കുന്നു |
| 10 | വിശ്വഹിന്ദി ദിനം, പോസ്റ്റർ | ജനുവരി | 5,6 | ഹിന്ദി | ഹിന്ദി |

| | | | | | |
|---|---|---|---|---|---|
| | നിർമാണം, പ്രസംഗം | 10 | ,7 | അധ്യാപകർ, ഹിന്ദി ക്ലബ് | ഭാഷയിൽ വാക്ചാതുരി ലഭിക്കുന്നു |
| | | | | | |
| 11 | ഹിന്ദി നാടകോത്സവം<br>• കഥാവായന<br>• കഥാരചന<br>• അഭിനയപരിശീലനം<br>• ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം<br>• വേദികളിൽ അവതരണത്തിന് അവസരം | 1 വർഷം | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ, PTA,രക്ഷിതാക്കൾ , ഹിന്ദി ക്ലബ് | ഭാഷാജ്ഞാനം വർധിപ്പിക്കാൻ സാധിക്കുന്നു |

ഭിന്നശേഷി കുട്ടികൾക്കുള്ള അന്നു രൂപീകരണ പ്രവർത്തനങ്ങൾ

## LP Intellectual Disability

- അക്ഷരങ്ങൾ വ്യക്തമാക്കുന്നതിനായി കട്ടി പേപ്പറിൽ എഴുതി അതിന്മേൽ കുട്ടികളെ കൈകൊണ്ട് വിരൽ കൊണ്ട് എഴുതിപ്പിക്കാം.
- പിന്തുണ ബുക്കിൽ ഹൈലൈറ്റ് പെൺ കൊണ്ട് അക്ഷരങ്ങൾ എഴുതിപ്പിക്കുന്നു.
- ഗണിതത്തിൽ എണ്ണം പഠിപ്പിക്കുന്നതിനായി കളർ മുത്തുകൾ കല്ലുകൾ ഈർക്കിൽ എന്നിവ ഉപയോഗിക്കുന്നു.
- ഗണിതത്തിൽ വസ്തുനിഷ്ഠമായി കൂട്ടൽ കുറയ്ക്കൽ എന്നിവ പഠിപ്പിക്കുന്നതിന് ഈർക്കിൽ മഞ്ചാടി മുത്തുകൾ ഉപയോഗിക്കുന്നു.
- ജാമിതീയ രൂപങ്ങൾ കുട്ടികൾക്ക് നിർമ്മിക്കുവാൻ തീപ്പെട്ടിക്കൊള്ളി എന്നിവ ഉപയോഗിക്കുന്നു.
- സ്ഥാനവില പഠിപ്പിക്കുന്നതിന് അരവിന്ദ് ഗുപ്ത് സ്ട്രിപ്പ്, എന്നിവ ഉപയോഗിക്കുന്നു.
- ഇംഗ്ലീഷ് പദങ്ങൾ പരിചയപ്പെടുത്തുന്ന തിന് ചിത്രകാർഡ് ഉപയോഗിക്കുന്നു

## ഭിന്നശേഷി കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ **UP Section**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ June to Feb | ബൗദ്ധികം | പിന്തുണ |
|---|---|---|---|---|
| Buddy system | ഓരോ കുട്ടിക്ക് ചുരുങ്ങിയത് Buddy എന്ന രീതിയിൽ ക്രമീകരിക്കുന്നു | എല്ലായിപ്പോഴും | all class | SPU/PTA |
| Brain GYM | ഓരോ പ്രായത്തിലും കുട്ടികൾ നേടേ ബുദ്ധി വികാസങ്ങൾക്ക് അനുസൃതമായി നൽകുന്നു. ഇതിനായി ഒരു സംഘം കുട്ടികളെ പരിശീലിപ്പിക്കുന്നു | എല്ലാ ദിവസവും ഉച്ച ഭക്ഷണം ഇടവേളകൾ | | |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | **1.ഭാഷ ജ്ഞാനം**<br><br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | **2. പറയാം പഠിക്കാം.**<br><br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. <u>**വീട് ഒരു പരീക്ഷണശാല.**</u><br>**[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ]** | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. <u>**വായനാലോകം .**</u><br>**[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ]** | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| **4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ .** | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| **5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.** | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അദ്ധ്യാപിക. |
| **6. <u>ആസ്വാദന ലോകം .</u>**<br>**ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി .** | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അദ്ധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| **7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ .** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| **8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് .** | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

## GFUPS PALAPETTY
## ACADEMIC MASTER PLAN -ARABIC 2025-26

| SL No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|---|
| | അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് ആർജ്ജിച്ചെടുക്കൽ | അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്തു രൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ പ്രീ ടെസ്റ്റിലൂടെ കണ്ടെത്തി പ്രത്യേക ഗ്രൂപ്പുകളാക്കി ഗ്രൂപ്പടിസ്ഥാനത്തിൽ പഠനമികവനുസരിച്ചു പരിശീലനത്തിലൂടെ ഉയർത്തികൊണ്ട് വരുക. | അധ്യയന വർഷാരംഭത്തിലെ ആദ്യത്തെ നാല് മാസക്കാലം | പുസ്തകങ്ങൾ കാർഡുകൾ വീഡിയോസ് | എസ് ആർ ജി എസ് എം സി പിടിഎ |
| | അറബിക് ഭാഷ ശേഷികൾ പദസമ്പത്ത് അധികരിപ്പിക്കൽ | ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കപ്പെടുന്ന വാക്കുകളുടെ അറബിപദങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം അവയുടെ സ്ഥിരമായ ഉപയോഗവും പുസ്തകങ്ങളിൽ നിന്നും മറ്റും പദസമ്പത്ത് അധികരിപ്പിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കൽ കുട്ടികൾക്ക് വായനാ കാർഡ് നൽകി അവ വീട്ടിൽ നിന്ന് രക്ഷിതാക്കളുടെ സാനിധ്യത്തിൽ വായിച്ച് വിഡിയോ ഗ്രൂപ്പിൽ ഇടുന്നു. | ജൂൺ മുതൽ മാർച്ച് വരെ | കഥ, കവിത പുസ്തകങ്ങൾ കാർഡുകൾ വീഡിയോസ് | എസ് ആർ ജി എസ് എം സി പിടിഎ |
| | അറബിക് ഭാഷ ശേഷികൾ നൈപുണികളുടെ വികാസം | അറബി ഭാഷയെ കൂടുതൽ കേൾക്കാനുമുള്ള അവസരങ്ങളെ കുട്ടികളിലേക്കെത്തിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | സംഭാഷണങ്ങൾ ഓഡിയോസ്, കഥ, കവിത, പുസ്തകങ്ങൾ, കാർഡുകൾ, വീഡിയോസ് | എസ് ആർ ജി എസ് എം സി പിടിഎ |

| സ്കൂളിന്റെ തനത് പ്രവർത്തനം | | | | | |
|---|---|---|---|---|---|
| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ/വിശദീകരണം | കാലയളവ് | ഭൗതീകം | പിന്തുണ |
| 1. | എല്ലാ കുട്ടികൾക്കും വിവിധ ഭാഷകളിൽ (മലയാളം, ഇം ഗ്ലീഷ്, ഹിന്ദി, അറബിക്ക്, സംസ്കൃതം, ഉറുദു) പ്രാവിണ്യം നേടിയെടുക്കൽ | **ഭാഷാ ക്ലിനിക്ക്**<br>ഓരോ ഭാഷയുമായും ബന്ധപ്പെട്ട പാനൽ (ഒരു അധ്യാപകനും മികച്ച 5 വിദ്യാർത്ഥ ികളും ഉൾപ്പെട്ട ഗ്രൂപ്പ്) രൂപീകരിച്ചതിനു ശേഷം ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ജൂൺ - ഡിസംബർ | അക്ഷര കാർഡുകൾ<br>ചിത്രങ്ങൾ<br>മാതൃകകൾ വായ<br>നാകാർഡുകൾ<br>കഥകൾ കവിതകൾ<br>ഓഡിയോ വീഡിയോ<br>ദിനപത്രം | ഭാഷാ ക്ലബ്ബുകൾ<br>SRG<br>SMC<br>PTA<br>MPTA |
| 2 | കുട്ടികളിൽ ശാസ്ത്ര മനോഭാവം വളർത്തിയെടുക്കുക, ശാസ്ത്രത്തിൽ അഭിരുചിയുള്ളവരാക്കുക | **ശാസ്ത്ര കൗതുകം**<br>1. എല്ലാ ആഴ്ചയിലും ശാസ്ത്രവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. ശാസ്ത്രീയ തത്വങ്ങൾ വിശദീകരിക്കുന്നു.<br>2. ശാസ്ത്രപഠനോപകരണ നിർമ്മാണ ശില്പ ശാല നടത്തുന്നു.<br>3. ശാസ്ത്ര സെമിനാറുകൾ സംഘടിപ്പിക്കുന്നു. | ഡിസംബർ TO മാർച്ച് | സയൻസ് ലാബ് | ശാസ്ത്ര ക്ലബ്ബ്<br>SRG<br>PTA<br>MPTA |